(സി) ഈ അപേക്ഷയിന്മേൽ നടപടി പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) മുൻ കാലങ്ങളിൽ പകുതി വസ്തു ഒറ്റി ഒഴിപ്പിച്ചെടുക്കാൻ കേസ് കൊടുത്തിട്ടുള്ളവർക്കും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ അപേക്ഷ നല്കാൻ കഴിയാതിരുന്നവർക്കും അപേക്ഷ നൽകുന്നതിന് ഒരവസരം കൂടി സർക്കാർ നല്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് വരുന്നു

65 (589) റവന്യൂ ഓഫീസുകളിൽ സിറ്റിസൺ ചാർട്ട് പ്രദർശിപ്പിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ സിറ്റിസൺ ചാർട്ട് പ്രദർശിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളിലാണ് സിറ്റിയിൽ ചാർട്ട് പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളിൽ ജനങ്ങൾ അറിയേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സിറ്റിസൺ ചാർട്ട് പ്രദർശിപ്പിക്കുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

66 (590) കുളനട വില്ലേജിൽ പി.ഡബ്ലു.ഡി. പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്കു പട്ടയം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ കുളനട വില്ലേജിൽ സർവെ നമ്പർ 17.36-ൽപ്പെട്ട പി.ഡബ്ലിയു.ഡി പുറമ്പോക്കു ഭൂമിയിൽ കഴിഞ്ഞ 50 വർഷമായി വീടു വച്ചു താമസിച്ചു വരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി മുതൽ 7 പേർക്ക് കൈവശ ഭൂമി പതിച്ചു നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള റോഡിൽ നിന്നും 15 മീറ്റർ വിട്ട് സ്ഥലം നൽകാമെന്നുള്ള പി.ഡബ്ലു.ഡി. കാരുടെ വ്യവസ്ഥ ഇവർക്ക് ഗുണകരമല്ലാത്തതു കൊണ്ട് 12 മീറ്റർ എന്നാക്കി മാറ്റി സ്ഥലം നൽകാൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ)&(ബി)പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly